**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3243 — 18.10.2016 -ൽ മറുപടിക്ക്

## വിനോദ സഞ്ചാര വകുപ്പിന്റെ കീഴിലുള്ള പാതയോര വിശ്രമകേന്ദ്രങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ.എ.സി.മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് വിനോദ സഞ്ചാര വകുപ്പിന്റെ കീഴിൽ പുതിയ എത്ര പാതയോര വിശ്രമകേന്ദ്രങ്ങളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്; | എ) | എണ്ണം കണക്കാക്കിയിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സാദ്ധ്യത പരിശോധിച്ച് പുതിയവ തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| ബി) | ഇത്തരം വിശ്രമ കേന്ദ്രങ്ങളുടെ നടത്തിപ്പും സംരക്ഷണവും ഏത് രീതിയിലാണ് നടത്തി വരുന്നത്; | ബി) | പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| സി) | പലപ്പോഴും ഈ വിശ്രമകേന്ദ്രങ്ങൾ സാമൂഹ്യ വിരുദ്ധർ കയ്യടക്കുന്ന പ്രവണത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചു വരുന്നു; | സി) | ഇല്ല |
| ഡി) | ഇത്തരം കേന്ദ്രങ്ങൾ സാമൂഹ്യവിരുദ്ധർ കയ്യേറുന്നത് തടയുന്നതിനും യാത്രക്കാർക്കും മറ്റ് പൊതുജനങ്ങൾക്കും ഉപകാരപ്രദമായി നിലനിർത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | ഡി) | സ്വീകരിക്കുന്നതാണ്. |

(signature)

സെക്ഷൻ ഓഫീസർ